

ഹായ് കൂട്ടുകാരേ,

വായിച്ചും പഠിച്ചും മടുക്കുമ്പോൾ എന്തെങ്കിലും കുത്തിക്കുറിക്കണമെന്നു തോന്നുന്നവരുണ്ടാവാം. കഥയാവട്ടെ, കവിതയാവട്ടെ, ചിന്തയാവട്ടെ, ചിത്രമാവട്ടെ – ഞങ്ങൾക്ക് അയച്ചുതരിക. ഉചിതമായവ പ്രസിദ്ധീകരിക്കുന്നതാണ്. ഒപ്പം, ഏതു മേഖലയിലായാലും കഴിവു തെളിയിച്ചവരെ പരിചയപ്പെടുത്തുകയുമാവാം.

# പ്രതിഭ

## ദീപനാളം കുട്ടികളോടൊപ്പം

വിലാസം : പ്രതിഭ, ദീപനാളം വാരിക, പാലാ, പിൻ – 686 575
E-mail : editordeepanalam@gmail.com, Mob : 7306874714

# അകം നിറയ്ക്കുന്ന അക്ഷരലോകം

■ ഷാജി മാലിപ്പാറ

“അറിവുകൊണ്ടും അലിവുകൊണ്ടും അകംനിറയ്ക്കുക.” കവി കുഞ്ഞുണ്ണിമാഷിന്റേതാണ് ഈ നിർദേശം. അകം എന്നാൽ ഉള്ള്, ഉള്ളം, ഹൃദയം, മനസ്സ് എന്നൊക്കെ അർഥം പറയാം. ഹൃദയത്തിനുള്ളിൽ നിറയേണ്ടതിനെക്കുറിച്ചാണ് കവി പറയുന്നത്. വയറുനിറയ്ക്കാൻ ഒത്തിരിയൊത്തിരി കാര്യങ്ങളുണ്ട്. അവയിൽ ചിലതൊക്കെ നല്ലതാണ്; മറ്റു ചിലത് ചീത്തയും. നല്ലതു കഴിച്ചാണ് നാം വയറു നിറയ്ക്കേണ്ടത്.

ഹൃദയം നിറയ്ക്കാനും പലതുണ്ട്. ഏറ്റവും നല്ലതു മാത്രം നിറയ്ക്കേണ്ട ഇടമാണ് നമ്മുടെ ഹൃദയം. അതിനുള്ള മനോഹരമായ നിർദേശമാണ് മുകളിൽപ്പറഞ്ഞത്. അറിവും അലിവുമാണ് ഹൃദയത്തിൽ നിറച്ചുവയ്ക്കേണ്ടത്. ആദ്യത്തേത് അറിവാണ്. അറിവുനേടാനുള്ള ആയിരം വഴികളുണ്ട്. ജനിക്കുന്ന നിമിഷംതൊട്ട് മരിക്കുന്നതുവരെ എന്തെല്ലാം അറിവുകളാണ് അറിഞ്ഞും അറിയാതെയും നാം നേടുന്നത്? എന്നാൽ, സ്കൂളിൽ ചേരുന്നത് കൃത്യമായ ബോധ്യത്തോടെ അറിവു നേടാനാണ്. മനുഷ്യജീവിതത്തിലെ ആദ്യകാലഘട്ടം അറിവു സമ്പാദിക്കാൻവേണ്ടി മാറ്റിവച്ചിരിക്കുന്നു. ഈ പ്രക്രിയ വർഷങ്ങളോളം തുടരുന്നുണ്ട്.

അക്ഷരലോകത്തേക്ക് കാൽ ചവിട്ടുന്ന ഒരുവൾ/ഒരുവൻ അറിവിന്റെ അനന്തവിഹായസ്സിലേക്കു കുതിച്ചുയരാനുള്ള ചുവടുവയ്പാണു നടത്തുന്നത്. മാതാപിതാക്കളും അധ്യാപകരും പൊതുസമൂഹവുമൊക്കെ ചേർന്ന് കുട്ടികളെ അറിവുനേടാൻ സഹായിക്കുന്നു. പുതിയ തലമുറയുടെ വിദ്യാഭ്യാസത്തിനായി സർക്കാരും സമൂഹവും വലിയതോതിൽ സമ്പത്തും സമയവും ചെലവഴിക്കുന്നു. നമ്മുടെ നാട്ടിൽ ജൂൺമാസം പ്രവേശനോത്സവങ്ങളുടെയും വിദ്യാരംഭങ്ങളുടെയും കാലമാണ്. പുത്തൻപ്രതീക്ഷകളും സുന്ദരസ്വപ്നങ്ങളുമായി രക്ഷിതാക്കളുടെ കൈപിടിച്ച് ലക്ഷക്കണക്കിനു കുട്ടികൾ പള്ളിക്കൂടപ്പടിവാതിൽ കടന്നെത്തുന്നു.

വിജ്ഞാനത്തിനും വിനോദത്തിനും വികാസത്തിനുമുള്ള നാനാമാർഗങ്ങൾ വിദ്യാലയങ്ങളിലുണ്ട്. അവ ഫലപ്രദമായി ഉപയോഗിക്കാനുള്ള ആഗ്രഹവും അതിനുള്ള പരിശ്രമവും ഉണ്ടാകണം. ‘കുതിരയെ വെള്ളപ്പാത്രത്തിന്റെ സമീപത്ത് എത്തിക്കാൻ കഴിയും; വെള്ളം കുടിക്കാൻ കുതിര തന്നെ തീരുമാനിക്കണം.’ പ്രശസ്തമായ ഈ ചൊല്ല് വിദ്യാർഥികളെ സംബന്ധിച്ച് അന്വർഥമാണ്. പഠനസാഹചര്യങ്ങൾ ഒരുക്കുവാൻ മറ്റുള്ളവർക്കു കഴിയുന്നു. അത് ഉപയോഗപ്പെടുത്താൻ വിദ്യാർഥികൾക്കേ സാധിക്കുകയുള്ളൂ.

അറിവ് ശക്തിയാണെന്നും സമ്പത്താണെന്നും പറയാറുണ്ട്. അറിവില്ലെങ്കിൽ അനേകം ആപത്തുകളിൽ ചെന്നുപെടാനിടയുണ്ട്. അറിവുണ്ടായാൽ ഒട്ടുവളരെ നേട്ടങ്ങൾ കൈവരിക്കാനും കഴിയും. അതിനാൽ, അറിവുകൊണ്ട് അകം നിറച്ചുവയ്ക്കണം. അവനവനെക്കുറിച്ചും മറ്റുള്ളവരെക്കുറിച്ചും ലോകത്തെക്കുറിച്ചും അറിവു നേടണം. ലോകത്തുള്ള എല്ലാറ്റിനെക്കുറിച്ചുമുള്ള അറിവ് ഉപകാരപ്രദമാണ്. എത്രയോ വിജ്ഞാനശാഖകൾ ഇന്ന് വികസിതമാണ്! അവയിൽ താത്പര്യമുള്ളതിൽ പ്രത്യേകമായ അറിവു നേടാൻ അവസരമുണ്ട്.

ഈശ്വരനിലുള്ള അറിവും വിശ്വാസവും പ്രധാനപ്പെട്ടതാണ്. ലോകവിജ്ഞാനങ്ങളെ സ്വായത്തമാക്കാൻ അതു സഹായിക്കും. നാനാമേഖലകളിൽ അറിവിന്റെ നിറകുടങ്ങളായിത്തീർന്ന ഏറെപ്പേർ ഈ വഴിയിലൂടെ സഞ്ചരിച്ചവരാണ്.

അകം നിറയ്ക്കേണ്ട കാര്യങ്ങളിൽ ഒന്നിനെക്കുറിച്ചേ ഇതുവരെ നാം പറഞ്ഞുള്ളൂ. അടുത്തത് അലിവാണ്. ദയവ്, കരുണ എന്നൊക്കെയാണ് ഇതിനർഥം. അലിവ് എന്ന വിശിഷ്ടഗുണം നേടുമ്പോഴാണ് മനുഷ്യർ ഉത്തമവ്യക്തികളായിത്തീരുന്നത്. നമ്മെപ്പോലെ മറ്റുള്ളവർക്കും അവകാശങ്ങളും ആവശ്യങ്ങളും ഉണ്ടെന്നും അതുനേടാൻ അവരെ സഹായിക്കണമെന്നുമുള്ള വിശാലവീക്ഷണം നമ്മിൽ വളർന്നുവരാൻ അലിവ് സഹായിക്കും. എത്ര അറിവുണ്ടായാലും അലിവില്ലാതായാൽ നമ്മുടെ പെരുമാറ്റം നല്ലതാവില്ല. നാം സമൂഹത്തിന് ഒരു അനുഗ്രഹമാവില്ല. അതിനാൽ, അറിവിനൊപ്പം അലിവുമുള്ള വ്യക്തികളായി വളരാൻ വിദ്യാഭ്യാസകാലം ഉപയോഗിക്കണം.

നമ്മുടെ നാട്ടിൽ നടക്കുന്ന പല കുറ്റകൃത്യങ്ങളുടെയും കാരണം അറിവിന്റെ കുറവല്ല, അലിവിന്റെ അഭാവമാണ്. വിദ്യാസമ്പന്നമായ ഒരു സമൂഹത്തിൽ തിന്മകളുടെ അളവ് കുറഞ്ഞിരിക്കണം. ഇതിനെക്കുറിച്ച് വിദ്യാർഥികൾ ആലോചിക്കണം. ധാർമികമായി ഉയർന്നാൽമാത്രമേ മികച്ച സമൂഹമെന്നു നമുക്കു പറയാനാവൂ. ചുരുക്കിപ്പറയാം: അലിവില്ലാതെ അറിവുണ്ടായാൽ അത് പല തെറ്റുകുറ്റങ്ങൾക്കും വഴിതെളിക്കും. അറിവില്ലാതെ അലിവുണ്ടായാൽ അത് പല അബദ്ധങ്ങളിലേക്കും നയിക്കും. അതിനാൽ വേണ്ടത് ഇതാണ് – അറിവും അലിവും ഒരുപോലെ പ്രധാനമാണ്. അതു നേടാൻ ശ്രമിക്കുക, അകം നിറയ്ക്കുക. ■



# പുട്ടും പയറും പപ്പടവും പിന്നെ പഴവും





നിഥിൻകുമാർ ജെ
പത്തനാപുരം
ശ്രീനാരയണ ഓപ്പൺ യൂണിവേഴ്സിറ്റി
എം.എ. മലയാളം

**മേ**ശപ്പുറത്ത് ഏറെ നേരമായി കാത്തിരിക്കുകയായിരുന്നു നമ്മുടെ പാവം പുട്ട്... ചൂടോടെ മേശപ്പുറത്തേക്കു വന്നതായിരുന്നു പുട്ട്.. അതിന്റെ ദേഹത്തുനിന്ന് ആവി മുകളിലേക്കു പറന്നുതുടങ്ങി... പതിയെ പുട്ടിന്റെ ചൂടാറിത്തുടങ്ങി...

"ഓ ഈ ബാലു എന്താ ഇനിയും വരാത്തത്?.. എന്നെ ചൂടോടെ തിന്നേണ്ടതല്ലേ... തണുത്താൽ എന്റെ രുചി പോവില്ലേ... ഇവനെക്കൊണ്ട് ഞാൻ തോറ്റു.."

പുട്ട് ചിന്തിച്ചു... എന്നിട്ടോ? പുട്ട് ഉറക്കെ വിളിച്ചു:
"എടാ ബാലു, വേഗം വാ... ഞാൻ തണുത്തുതുടങ്ങി..."

ബാലു വീട്ടിലെ ചെറിയ കുട്ടിയാണ്. ബാലുവിനു പ്രിയപ്പെട്ടതാണ് പുട്ട്... എന്നും അംഗനവാടിയിൽ പോകുന്നതിനുമുമ്പ് ബാലു പുട്ട് തിന്നും.

അങ്ങനെ പുട്ട് ബാലുവിനെ വിളിക്കുന്നതിനിടയിൽ മറ്റൊരാൾകൂടി മേശപ്പുറത്തേക്കു വന്നിരുന്നു.. ആരാ അത്? അതു നമ്മുടെ കറുമുറ പപ്പടമായിരുന്നു. ഇന്ന് പതിവിലും സുന്ദരനായിട്ടുണ്ട് പപ്പടം... നന്നായി മൊരിഞ്ഞു പൊങ്ങിയിട്ടുണ്ട്.. മേശപ്പുറത്തേക്കു വന്നയുടനെ പപ്പടം, പുട്ടിനോടു ഗുഡ് മോർണിങ് പറഞ്ഞു... പുട്ടും പപ്പടവും പണ്ടേ വലിയ ചങ്ങാതിമാരാ. പുട്ട് തിരിച്ചും ഗുഡ് മോർണിങ് പറഞ്ഞു.

"ഗുഡ് മോർണിങ് പപ്പടം... നീ ഇന്നു വൈകിയോ.."

പുട്ട് തിരക്കി. അതു കേട്ട പപ്പടം പറഞ്ഞു: "ഓ ഒന്നും പറയണ്ട.. നമ്മുടെ ബാലുവിന്റെ അമ്മ എന്നെ ആദ്യം മീൻ വറുത്ത എണ്ണയിലാ മുക്കിയത്... എനിക്കാണേൽ ദേഷ്യവും വന്നു. ഞാൻ മൊരിയാതെയിരുന്നു. ഞാൻ ആരാ മൊതല്. ഒടുക്കം പുതിയ വെളിച്ചെണ്ണയിൽത്തന്നെ എന്നെ വറുത്തു."

പപ്പടത്തിന്റെ വർത്തമാനം കേട്ടപ്പോൾ പുട്ടിന് അദ്ഭുതം തോന്നി.

"നീ പണ്ടേ മിടുക്കനല്ലേ." പുട്ട് കൂട്ടിച്ചേർത്തു.

അങ്ങനെ പുട്ടും പപ്പടവും മിണ്ടിയും പറഞ്ഞും ഇരിക്കുമ്പോൾ അതാ വരുന്നു പുട്ടിന്റെ ശത്രു പയർ. പുട്ടിനു പണ്ടേ പയറിനെ കണ്ടുകൂടാ. തൊട്ടു പിന്നാലെ വരുന്ന പഴത്തെയും പുട്ടിന് ഇഷ്ടമല്ല. പുട്ട് മനസ്സിൽ ചിന്തിച്ചു: "ഇവന്മാർ ഇന്നും വന്നോ. ശല്യം."

പുട്ടിനെ കണ്ടപാടെ പയർ പുച്ഛത്തോടെ ഒന്നുനോക്കി. പഴം ഒന്നും മിണ്ടാതെ മേശപ്പുറത്തേക്കു കേറിയിരുന്നു. പഴം ആളൊരു മടിയനാണ്. അധികം ആരോടും മിണ്ടില്ല. എപ്പോഴും അവന് ഉറങ്ങണം. പക്ഷേ, പപ്പടം ആളൊരു ജഗജില്ലികില്ലാഡിയാണ്.

പപ്പടം പയറിനോടു പറഞ്ഞു: "മിസ്റ്റർ പയർ, നിങ്ങൾ എന്തിനാണ് എന്നും ഇങ്ങോട്ടു വരുന്നത്? നിങ്ങൾക്കു വല്ല കഞ്ഞിയുടെ അടുത്തേക്കും പൊയ്ക്കൂടേ. ഞങ്ങൾക്ക് ഒരു സ്റ്റാറ്റസ് ഉണ്ട് മിസ്റ്റർ.."

അതുകേട്ട പയറിനു ദേഷ്യം വന്നു.

അവൻ പറഞ്ഞു: "ഓ പിന്നെ, പത്തുരൂപയ്ക്കു പത്തെണ്ണം കിട്ടുന്ന നിനക്കല്ലേ സ്റ്റാറ്റസ്. ഒന്നു പോടാ."

പപ്പടത്തിനു ദേഷ്യം വന്നു. "ദേ, എന്നെ കളിയാക്കിയാ ഒണ്ടല്ലോ.. ഞാനേ... ഞാൻ സ്പെഷ്യലാണ്... എന്നെ എപ്പോഴും ആളുകൾ ഉപയോഗിക്കാറില്ല.. ഞാൻ ഇല്ലാത്ത സദ്യ അപൂർണമാണ്.. കേട്ടോ."

അതുകേട്ട് പയറും വിട്ടുകൊടുത്തില്ല: "എടോ പപ്പടമേ നീ കൂടുതൽ വിളയേണ്ട.. ഞാനേ ഞാൻ പല പലഹാരത്തിനും അനിവാര്യമാണ്.. കേട്ടിട്ടില്ലേ... സുഗിയൻ.. അതു മാത്രമല്ല, എനിക്ക് ഒരുപാട് ഗുണങ്ങൾ ഉണ്ട്. ഞാൻ വിറ്റാമിൻസിന്റെ കലവറയാണ്. എന്നെ ആളുകൾ അവരുടെ ഭംഗി കൂട്ടാനും ഉപയോഗിക്കും.. ശരീരഭാരം കുറയ്ക്കാനും ഞാൻ സഹായിക്കും. എന്നെ മുളപ്പിച്ചു കഴിച്ചാൽ ഇരട്ടി ഗുണമാണ്. കേട്ടല്ലോ.."

ഇവരുടെ സംസാരം കേട്ട് ഉറങ്ങിത്തുടങ്ങിയ പഴം ചാടിയെഴുന്നേറ്റു പറഞ്ഞു: "ഒന്നു നിർത്തടോ... ഒറങ്ങാനും സമ്മതിക്കില്ല.. രാവിലെ തൊടങ്ങും രണ്ടും കൂടി തർക്കിക്കാൻ... നിങ്ങളെക്കാൾ ഗുണങ്ങൾ പറയാൻ എനിക്കുണ്ട്. ഞാൻ അതു പറഞ്ഞുനടക്കുന്നില്ലല്ലോ... നാണക്കേട്... ഓരോരുത്തർക്കും അവരുടെ ഗുണങ്ങളും ദോഷങ്ങളുമുണ്ട്.. അതു നിങ്ങൾ ഒന്നു മനസ്സിലാക്കൂ."

അപ്പോഴേക്കും നമ്മുടെ ബാലു വന്നുകഴിഞ്ഞു. പഴത്തിന്റെ സംസാരംകേട്ട് പപ്പടവും പയറും മിണ്ടാതെയിരുന്നു... ആ നേരം ബാലു പുട്ടെടുത്ത് കഴിക്കാൻ തുടങ്ങി. തന്നെ ആദ്യം വിളിക്കുമെന്നു കരുതി പപ്പടം റെഡിയായിയിരുന്നു... പയറും അങ്ങനെതന്നെ...

"എന്നെയാണ് ബാലു ആദ്യം വിളിക്കുക" പപ്പടം പറഞ്ഞു.

അത് കേട്ട് പയർ പറഞ്ഞു: "അല്ലേയല്ല, എന്നെയാണു വിളിക്കുക..." അതു കേട്ട് പഴം സഹികെട്ട് ഒരു ഗ്ലാസ് വെള്ളം കുടിച്ചു.. എന്നിട്ട് ഉറങ്ങാനായി കിടന്നു... പഴത്തിനെ മിക്കപ്പോഴും ഒടുക്കമാകും വിളിക്കുക...


പക്ഷേ, ബാലു ഇവരാരെയും വിളിച്ചില്ല, മറ്റൊരു ആളിനെയാണു വിളിച്ചത്... ആരാ അത്...? അതായിരുന്നു.. മീൻകറി... നല്ല വെള്ളച്ചൂരയുടെ മീൻകറി... മീൻകറി കൂട്ടി പുട്ടു തിന്നുന്നതു കണ്ട പയറിനും പപ്പടത്തിനും സങ്കടമായി.. പാവം... അവർ ഏറെ നേരം കരഞ്ഞു.. ബാലു അവരെ മൈൻഡ്പോലും ചെയ്തില്ല... അവസാനം പഴം പറഞ്ഞു:

"ഇത്രേയുള്ളു; എല്ലാവരുടെയും കാര്യം... നിങ്ങൾ തമ്മിൽ വഴക്കുണ്ടാക്കിയാലും ഇല്ലേലും മനുഷ്യൻ വിചാരിക്കണം നിങ്ങളുടെ രുചിയും ഗുണവും ഉപയോഗപ്പെടാൻ.. കേട്ടോ.. ഇനിയെങ്കിലും നിങ്ങൾ തമ്മിൽ വഴക്കുണ്ടാക്കാതെയിരിക്ക്." അതിനുശേഷം പയറും പപ്പടവും വഴക്കുണ്ടാക്കിയില്ല. ■

## പ്രതിഭ ക്വിസ്

1. 26 റാഫേൽ മറൈൻ യുദ്ധവിമാനങ്ങൾ വാങ്ങുന്നതിനുള്ള കരാറിൽ ഇന്ത്യ ഏതു രാജ്യവുമായാണ് ഒപ്പുവച്ചത്?
2. അടുത്തിടെ ലോകസാമൂഹികറിപ്പോർട്ട് 2025 പുറത്തിറക്കിയത് ആരാണ്?
3. ഇന്ത്യയിലെ ഏറ്റവും വലിയ പ്രകൃതിദത്ത ഭൂഗർഭഡാം ഏതാണ്?
4. മഹുവാഡൺ വുൾഫ് സങ്കേതം ഏതു സംസ്ഥാനത്താണ് സ്ഥിതി ചെയ്യുന്നത്?
5. 2024 ലെ 55-ാമത് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് ഇന്ത്യ (IFFI) ഏതു സംസ്ഥാനത്താണ് നടന്നത്?
6. ഇന്തോ-പസഫിക് മേഖലയിൽ എത്ര ദശലക്ഷം യുഎസ് ഡോളറിനാണ് ഇന്ത്യ യുഎസുമായി പ്രതിരോധ കരാറിൽ ഒപ്പുവച്ചത്?
7. 2025 മേയ് ഒന്നിന് ന്യൂഡൽഹിയിൽ ഏതു നേതാവിന്റെ 9 അടി ഉയരമുള്ള പ്രതിമയാണ് അനാച്ഛാദനം ചെയ്തത്?
8. എ.ഐ. അടിസ്ഥാനമാക്കിയുള്ള റിയൽ-ടൈം ഫോറസ്റ്റ് അലേർട്ട് സിസ്റ്റം ആദ്യമായി ആരംഭിച്ച ഇന്ത്യൻ സംസ്ഥാനം?
9. ഇന്ത്യയിലെ ആദ്യത്തെ പ്രകൃതിത്ത ആഴക്കടൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ഹബ് ഏതു തുറമുഖമാണ്?
10. 'ഇന്ത്യയിൽ എംഎസ്എംഇകളുടെ മത്സരക്ഷമത വർദ്ധിപ്പിക്കൽ' എന്ന തലക്കെട്ടിലുള്ള റിപ്പോർട്ട് അടുത്തിടെ പുറത്തിറക്കിയത് ആരാണ്?

*1. ഫ്രാൻസ് 2. ഐക്യരാഷ്ട്രസഭ 3. ബാണാസുര പ്രൊജക്ട് 4. ജാർഖണ്ഡ് 5. ഗോവ 6. 131 ദശലക്ഷം യുഎസ് ഡോളർ 7. ബോഡോഫ ഉപേന്ദ്ര നാഥ് ബ്രഹ്മ 8. മധ്യപ്രദേശ് 9. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം 10. നീതി ആയോഗ്*



"പഠനത്തിന്റെ ഏറ്റവും മനോഹരമായ കാര്യം, ആർക്കും അത് നിങ്ങളിൽനിന്ന് എടുത്തുകളയാൻ കഴിയില്ല എന്നതാണ്." - ബിബി കിങ്

"വിജയിക്കാൻ ഞാൻ എടുത്തിട്ടുള്ള തീരുമാനത്തിന് കരുത്തുണ്ടെങ്കിൽ പരാജയം എന്നെ ഒരിക്കലും പിന്തള്ളുകയില്ല." - എ.പി.ജെ. അബ്ദുൾ കലാം



റോസ്മെറിൻ ജോജോ
എം.എ. മലയാളം
ദേവമാതാ കോളജ്
കുറവിലങ്ങാട്

# നനവ്

വഴികളൊക്കെയും നടന്നുതീർന്നിട്ടാണ് മേഘ്സ്ഥലിയുടെ കവാടത്തിലെത്തിനിന്നത്. താഴേക്കു നോക്കിയാൽ മഞ്ഞുകിരീടം ചൂടിനിൽക്കുന്ന അരളിപ്പൂക്കളെ കാണാം. ഓരോ തവണയും ഈ കാഴ്ച കാവിലെ പുലർകാലചിത്രത്തെ മുന്നിലിട്ടുകെയുള്ള മലയാളച്ചോരയെ യാത്രയാക്കി കട്ടിലിൽ നിവർന്നു കിടന്നു. ഈ രാത്രി ഉറക്കമുണ്ടാവുകയില്ല. ഉത്രാളിക്കാവിലെ അരളിയും അമ്പലക്കുളത്തിലെ പായലും മഷിത്തണ്ടുമെല്ലാം അരികിലുണ്ടാകും. ആ കുളിരിൽ അമർന്ന് ഉറങ്ങാതെ... മയങ്ങാതെ...

കത്തിൽ ഇന്നെത്തുമെന്ന് അറിയിച്ചിരുന്നതുകൊണ്ട് വീട്ടിൽ അമ്മയുണ്ടാവുമെന്ന ധൈര്യത്തിലാണ് നാട്ടുമണം തട്ടിയയുടനെ നടക്കാൻ തുടങ്ങിയത്. ടാക്സിയിൽനിന്ന് പെട്ടി വലിച്ചിറക്കാൻ സഹായിച്ച ചെക്കൻ ഇപ്പോഴും ഒരു തിരിഞ്ഞുനോട്ടത്തിനായി കാത്തുനില്പുണ്ടെന്ന് അറിഞ്ഞിരുന്നില്ല. എപ്പോഴെത്തിതരും. ആ നിർവൃതിയിൽ രണ്ടുമൂന്നാഴ്ചകളെക്കൂടി തള്ളിനീക്കാനാകും.

തിരികെ ക്വാർട്ടേഴ്സിലെത്തിയപ്പോൾ രാത്രിയിൽ ഫ്ളൈറ്റിൽ നാട്ടിലേക്കു പോകുന്നവർ ചിതറിക്കിടക്കുന്ന സാമഗ്രികളുമായി കലപില കൂട്ടാൻ തുടങ്ങിയിരുന്നു. അവർക്കൊപ്പം എത്രയും നേരത്തേ നാട്ടിലെത്തണമെന്നോ അമ്മയെ കാണണമെന്നോ ആഗ്രഹമില്ലാഞ്ഞിട്ടില്ല. രേഖറ്റീച്ചർക്കായി വാങ്ങാനാഗ്രഹിച്ച് ഓർഡർ ചെയ്ത പെയിന്റിങ് കൈയിലെത്തിയിട്ടില്ല. ഇന്നെത്തുമെന്ന വിശ്വാസത്തിലാണ് നാളെ രാവിലെ ഫ്ളൈറ്റ്ടിക്കറ്റ് എടുത്തുവച്ചിരിക്കുന്നത്.

"മാധവ്, ഞങ്ങൾ ഇറങ്ങട്ടെ. തിരികെ വന്നിട്ടുകാണാം." ദേവരാജാണ്. കൂട്ടിനായെന്ന് വത്സേച്ചി ദൂരത്തുനിന്ന് വിളിച്ചുചോദിച്ചപ്പോഴാണ് തല വട്ടംതിരിച്ചതും അവനെ കണ്ടതും. പോക്കറ്റിൽ കിടന്ന അമ്പതിന്റെ നോട്ടെടുത്ത് അവനു കൊടുത്തുകൊണ്ട്, വരുന്ന വഴിയാണെന്നു മറുപടി നൽകി. പെട്ടിയുൾപ്പെടെ കണ്ടിട്ടും ഈ ചോദ്യം ചോദിക്കുന്നത് ശീലമായിപ്പോയതുകൊണ്ടാവാം!

മഴ പെയ്തുതോർന്നതേ ഉണ്ടായിരുന്നുള്ളൂ അപ്പോൾ. വഴിയിൽ ഞാൻ അന്വേഷിച്ച പായലും തേരട്ടകളും മൺനിറത്തിൽ മറഞ്ഞിരിക്കുന്ന ഓന്തുമെല്ലാം സ്വസ്ഥാനങ്ങളിലുണ്ട്. പടികയറി അമ്മയെ വിളിച്ചതും കാത്തിരുന്ന ഇരയെ എന്നപോലെ മധു ചാടിവീണതും ഒന്നിച്ചായിരുന്നു.

"ഏട്ടാ... എനിക്കുള്ളതൊക്കെ അവിടെ വച്ചേക്ക്... ഇപ്പോ വേഗം വാ. രേഖറ്റീച്ചർ ഏട്ടൻ വരുന്നതേ കൂട്ടിക്കൊണ്ടു ചെല്ലാൻ എന്നെ പറഞ്ഞേല്പിച്ചിട്ടുണ്ട്." പറഞ്ഞുനിർത്തിയതും അവളെന്നെ വലിച്ചുകൊണ്ട് നടന്നതും ഒപ്പം കഴിഞ്ഞു. ദാ മഷിത്തണ്ട്. എന്റെ കുളിരോർമ്മ. അവളുടെ കൈ വിടുവിക്കാതെ നടത്തത്തിനൊപ്പം കുനിഞ്ഞ് ഞാനൊരെണ്ണം പറിച്ചെടുത്തു. വാതിൽക്കൽ റ്റീച്ചർ നിൽക്കുന്നു. ഞാൻ ആ മഷിത്തണ്ട് ഒടിച്ചുരണ്ടാക്കി റ്റീച്ചറെ മണത്തു കാണിച്ചു. "ശീലമൊന്നും മാറ്റിയിട്ടില്ലല്ലോ ഈ വലിയ കുട്ടി?" കൂടെവന്ന പൊട്ടിച്ചിരിയിൽ ഞാൻ നിറഞ്ഞുപോയി. കൈയിലൊതുക്കിപ്പിടിച്ചിരുന്ന കവറിനുള്ളിൽനിന്ന് എന്റെ എന്നത്തെയും വിലപ്പെട്ട ഓർമ എടുത്തു നല്കി. കൈയിൽ 'രണ്ടാമൂഴം' പിടിച്ച് അതു സമ്മാനിച്ച അധ്യാപികയെ നോക്കി നിൽക്കുന്ന ആ കുട്ടിയുടെ ചിത്രം കണ്ട് റ്റീച്ചറെന്നെ നോക്കി. ഇപ്പോൾ ഓർമയുടെ ആ തന്ത്രികൾ മീട്ടുന്ന രാഗം എനിക്കു ഹൃദിസ്ഥമാണ്.

'കുട്ടീ, നീ വരൂ." വേറൊന്നും പറയാനാകാതെ വിങ്ങിയ അവർക്കൊപ്പം ഞാൻ അകത്തേക്കു നടന്നു. അകലങ്ങളൊന്നുമേയില്ലാതെ തൊട്ടടുത്തിരുന്നു. അവർ ആവോളം പെയ്യാൻ തുടങ്ങി. ഞാൻ നനയാനും. ■





# ആപത്താകുന്ന അനുകരണങ്ങൾ



ആൽബിൻ കൊട്ടാരം
എം.എസ്‌സി. മാത്സ്
സെന്റ് തോമസ് കോളജ്,
പാലാ

സമൂഹമാധ്യമങ്ങളിൽ പുതിയ ട്രെൻഡുകൾ സൃഷ്ടിക്കാൻ നിമിഷങ്ങൾപോലും വേണ്ടാതായിക്കഴിഞ്ഞു. ആർക്കും പ്രവചിക്കാനാവാത്തവിധം ഉയർന്നുവരുന്ന ട്രെൻഡുകളുടെ ലോകത്ത് നന്മയുടെ ട്രെൻഡുകൾ സൃഷ്ടിക്കാനാവുമോ എന്നതു ചിന്തനീയമാണ്. ലോകനന്മയ്ക്കും സമൂഹത്തിന്റെ ഉന്നതിക്കും ധാർമിക പരിരക്ഷയ്ക്കും ഉതകുന്ന നന്മയുടെ ട്രെൻഡുകൾ സൃഷ്ടിക്കാൻ നമുക്കു കഴിഞ്ഞാൽ ക്രിയാത്മകമായ ഒരു മാറ്റത്തിന് അതു സഹായകമാകുമെന്നു തീർച്ച.

നമ്മുടെ സിനിമകളും മറ്റു വിനോദോപാധികളും തിന്മയെ അനാവശ്യമായി മഹത്ത്വവത്ക്കരിക്കുന്ന കാഴ്ചയാണു നാമിന്നു കണ്ടുകൊണ്ടിരിക്കുന്നത്. കൊലപാതകങ്ങളെയും സൈക്കോ പ്രവണതകളെയും ലഹരിയുപയോഗത്തെയും ലൈംഗികത അരാകകതത്തെയും പ്രകീർത്തിക്കുക്കയും നേരിട്ടോ അല്ലാതെയോ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതുവഴി ഈ നാളുകളിൽ നമ്മുടെ യുവതലമുറയുടെയും കുട്ടികളുടെയും ഇടയിൽ വ്യാപകമായി ഒരു നെഗറ്റീവ് ട്രെൻഡ് രൂപപ്പെടാൻ കാരണമായിട്ടുണ്ട്. ഇത് മൂല്യങ്ങളെയും നന്മകളെയും തമസ്കരിക്കാൻ അവരെ പ്രേരിപ്പിക്കുന്നു. സാധാരണവ്യക്തികൾ പോലും തങ്ങൾ ഈ ലോകത്തിനു ചേർന്നവരല്ലെന്നും തങ്ങൾക്ക് എന്തൊക്കെയോ കുറവുണ്ടെന്നും ചിന്തിച്ചുപോകുന്ന അവസ്ഥ!

ഇത്തരമൊരു കാലത്ത് പുതിയ ട്രെൻഡുകൾ സൃഷ്ടിക്കുക അത്യന്താപേക്ഷിതമാണ്. അനുകരണംകൊണ്ടു നശിക്കാതിരിക്കാൻ സ്വന്തം വ്യക്തിത്വം കണ്ടെത്തുക. ഞാൻ എന്ന വ്യക്തി യഥാർഥത്തിൽ ആരാണെന്നു കണ്ടെത്താനും നമ്മുടെ അസ്തിത്വം മനസ്സിലാക്കാനും ജീവിതത്തെ യാഥാർഥ്യബോധത്തോടെ സമീപിക്കാനും ബോധപൂർവമായ ശ്രമം നടത്തേണ്ടിയിരിക്കുന്നു. വിരൽത്തുമ്പിലെ ലോകത്തുനിന്നു പുറത്തുവന്ന് ചുറ്റുമുള്ള ലോകത്തെക്കൂടി മനസ്സിലാക്കാനും സ്ക്രീനിന്റെ വെളിച്ചമല്ല സൂര്യപ്രകാശമെന്നു മനസ്സിലാക്കാനുമുള്ള ഉൾക്കാഴ്ച എല്ലാവർക്കും ഉണ്ടെന്നു പ്രത്യാശിക്കാം. ■


അവന്തിക | കുട്ടിക്കവിത

## ഇടവപ്പാതി

ഇടവപ്പാതി വന്നെത്തീ
ഇടമുറിയാതെ മഴയായി
ഇടനേരത്ത് വെയിലെത്തി
ഇടിയും മഴയും -
കളിചിരിയായ്

കോരിച്ചൊരിയും മഴയത്ത്
ഓടിക്കളിക്കാനെന്തു രസം!

പുത്തനുടുപ്പുമണിഞ്ഞിട്ട്
പുത്തൻകുടയും ചൂടീട്ട്
പുത്തൻപാദുകമിട്ടിട്ട്
പുസ്തകസഞ്ചിയെടുത്തിട്ട്
പള്ളിക്കൂടത്തിൽ
പോകേണം
കാഴ്ചകൾ നിറയെ
കാണേണം
കഥകളൊരായിരം
കേൾക്കേണം.




# ചരിത്രവിസ്മയമായ അലക്സാണ്ടർ ദി ഗ്രേറ്റ്



**വർഷ ലൈജു കാപ്പൻ**
അൽഫോൻസാ കോളജ്, പാലാ

ഒരു ചരിത്രവിസ്മയമായ അലക്സാണ്ടർ ദി ഗ്രേറ്റിനെക്കുറിച്ചു കേൾക്കാത്തവരുണ്ടാവില്ല. (അദ്ദേഹത്തിന്റെ ഔദ്യോഗിക നാമം മാസിഡോണിയൻ അലക്സാണ്ടർ മൂന്നാമൻ) ഫിലിപ്പ് രണ്ടാമന്റെയും ഒളിമ്പിയസിന്റെയും മകനായിരുന്നു അലക്സാണ്ടർ. ഒരു അധ്യാപകനെന്ന നിലയിൽ അരിസ്റ്റോട്ടിലിന് അദ്ദേഹം വളരെയധികം ബഹുമാനം നൽകിയിരുന്നെങ്കിലും ഗ്രീക്കുകാർ അല്ലാത്തവരെ അടിമകളായി കണക്കാക്കണമെന്ന അരിസ്റ്റോട്ടിലിന്റെ നിലപാടിൽ പ്രതിഷേധിച്ച് അദ്ദേഹം പഠനം ഉപേക്ഷിച്ചു. പക്ഷേ, ഒരു മികച്ച രാജാവെന്ന നിലയിൽ തനിക്ക് അത്യാവശ്യമായ എല്ലാക്കാര്യങ്ങളും പഠിച്ചതിനുശേഷം മാത്രം.



ബിസി 340 ൽ, ഫിലിപ്പ് രാജാവ് ബൈസാന്റിയത്തെ ആക്രമിച്ചു കീഴടക്കി, ആ രാജ്യം സംരക്ഷണത്തിനായി മകനു വിട്ടുകൊടുത്തു. അക്കാലത്ത് അവന് ഏകദേശം 16 വയസ്സായിരുന്നു. അലക്സാണ്ടർ സമയം പാഴാക്കാതെ ത്രാസ്യരെ പരാജയപ്പെടുത്തി, തന്റെ വിജയപരമ്പരയ്ക്കു തുടക്കംകുറിച്ചു. ഒരു വർഷത്തിനുശേഷം അലക്സാണ്ടറിന്റെ പിതാവ് ഫിലിപ്പ് ഒളിമ്പിയസിനെ വിവാഹമോചനം ചെയ്തു. പിതാവിന്റെ പുതിയ വിവാഹം ആഘോഷിക്കാൻ നടന്ന വിരുന്നിലുണ്ടായ ഒരു വഴക്കിനുശേഷം, അലക്സാണ്ടറും അമ്മയും എപ്പിറസിലേക്കു പലായനം ചെയ്തു. അലക്സാണ്ടർ പിന്നീട് ഇല്ലിറിയയിലേക്കു പോയി. താമസിയാതെ, അച്ഛനും മകനും അനുരഞ്ജനത്തിലായി. അലക്സാണ്ടർ തിരിച്ചെത്തി. പക്ഷേ, അവകാശി എന്ന സ്ഥാനം അപകടത്തിലായി.

എന്നിരുന്നാലും, ബിസി 336 ൽ ഫിലിപ്പ് വധിക്കപ്പെടുകയും അലക്സാണ്ടർ എതിരാളികളില്ലാതെ സിംഹാസനസ്ഥനാകുകയും ചെയ്തു. ഫിലിപ്പിന്റെ കൊലപാതകത്തിന്റെ കഥ കൗതുകകരമാണ്. രാജാവിനു പിന്തുണ പ്രകടിപ്പിക്കാൻ മാസിഡോണിയയിൽനിന്നും ഗ്രീസിൽനിന്നും എത്തിയ ഒരു ജനക്കൂട്ടം ഈഗേ എന്ന സ്ഥലത്ത് ഒരു തിയേറ്ററിൽ കൂടിയിരിക്കുമ്പോഴാണ് കൊലയാളി ആക്രമണം നടത്തിയത്. ഫിലിപ്പ് ഗംഭീരമായി പ്രവേശിച്ചയുടനെ അംഗരക്ഷകരിൽ ഒരാളായ പൗസാനിയാസ് എന്ന ചെറുപ്പക്കാരൻ തന്റെ മേലങ്കിയുടെ അടിയിൽ സൂക്ഷിച്ചിരുന്ന കഠാര പുറത്തെടുത്ത് ഫിലിപ്പിനെ കുത്തി. ജീവനുവേണ്ടി ഓടിയ അദ്ദേഹം അശ്രദ്ധമായി മുന്തിരിവള്ളിയുടെ വേരിൽ തട്ടി താഴെ വീണു, അംഗരക്ഷകർ അദ്ദേഹത്തെ പെട്ടെന്നുതതന്നെ വധിച്ചു.

സിംഹാസനത്തിലേറിയതിനുശേഷം, ഫിലിപ്പിന്റെ കൊലപാതകത്തിന്റെ സൂത്രധാരനെന്നാരോപിക്കപ്പെട്ട ലിൻസെസ്റ്റിസിലെ രാജകുമാരന്മാരെയും അദ്ദേഹത്തെ എതിർത്ത മുഴുവൻ വിഭാഗത്തെയും അലക്സാണ്ടർ വധിച്ചു. അതിനുശേഷം അദ്ദേഹം ഒരു വിജയകരമായ ആക്രമണത്തിലൂടെ ട്രിബ പിടിച്ചെടുത്തു.

പേർഷ്യ പിടിച്ചെടുക്കുക എന്നത് അലക്സാണ്ടറുടെ ചിരകാലസ്വപ്നമായിരുന്നു. ട്രോയിയിലേക്കുള്ള ഒരു സന്ദർശനത്തിനുശേഷം അദ്ദേഹം ഗ്രാനിക്കസ് നദിയിൽ പേർഷ്യൻസൈന്യത്തെ നേരിട്ടു. അലക്സാണ്ടർ വിജയിച്ചു. ഈ വിജയത്തെക്കുറിച്ചു കേട്ടപ്പോൾ, ഏഷ്യാമൈനറിലെ പല പ്രദേശങ്ങളും അലക്സാണ്ടർ ആവശ്യപ്പെടാതെ തന്നെ തിടുക്കത്തിൽ കീഴടങ്ങി. പരമോന്നത കമാൻഡർ അലക്സാണ്ടർതന്നെയായിരുന്നു. ഇഡ്രിയസിന്റെ വിധവയായ സഹോദരി അഡ എന്ന സ്ത്രീ അലക്സാണ്ടറെ തന്റെ മകനായി സ്വീകരിക്കുകയും, അവളുടെ സഹോദരൻ പിക്സോഡറസിനെ പുറത്താക്കിയശേഷം, അലക്സാണ്ടർ അവളെ അവളുടെ സാട്രപ്പിയിലേക്ക് (പ്രദേശത്തിന്റെ ഗവർണർ എന്ന നിലയിൽ അവളുടെ ശരിയായ സ്ഥാനം) പുനർനിയമിക്കുകയും ചെയ്തു.

അലക്സാണ്ടർ പടിഞ്ഞാറൻ ഏഷ്യാമൈനർ, മെഡിറ്ററേനിയൻ തീരം, ഈജിപ്ത് എന്നിവ കീഴടക്കാൻ പോയി. ഈജിപ്ത് കീഴടക്കിയശേഷം, അലക്സാണ്ടർ ഡാരിയസിനെയും അദ്ദേഹത്തിന്റെ വൻസൈന്യത്തെയും ഗൗഗമേലയിൽ നേരിട്ടു. ബി.സി. 331 ഒക്ടോബറിൽ ഇരുവശത്തുമുണ്ടായ കഠിനമായ പോരാട്ടങ്ങൾക്കും കനത്തനഷ്ടങ്ങൾക്കും ശേഷം, ഡാരിയസ് സ്വന്തം സൈന്യത്താൽ വധിക്കപ്പെട്ടു. ഡാരിയസിന്റെ മൃതദേഹം കണ്ടെത്തിയപ്പോൾ അലക്സാണ്ടർ ദുഃഖിതനായി, അദ്ദേഹത്തിന് ഒരു രാജകീയശവസംസ്കാരം നൽകിയതായി പറയപ്പെടുന്നു.

ഒടുവിൽ, അലക്സാണ്ടർ പേർഷ്യയുടെ രാജാവായി സ്വയം പ്രഖ്യാപിച്ചു. എന്നാൽ, പേർഷ്യക്കാർക്ക് അദ്ദേഹം അത്ര എളുപ്പം രാജാവാകുന്നത് അനുവദിക്കാൻ കഴിഞ്ഞില്ല. അവരുടെ പിന്തുണ നേടാൻ, അലക്സാണ്ടർ പേർഷ്യൻ സംസ്കാരത്തിനനുയോജ്യമായ രീതിയിൽവസ്ത്രം ധരിക്കാൻ തുടങ്ങി. അവരുടെ രീതി അനുസരിച്ച് മറ്റുള്ളവരുടെ കൈപിടിച്ച് കുമ്പിടുകയും ചുംബിക്കുകയും ചെയ്തുതുടങ്ങി.

അലക്സാണ്ടറിന്റെ ഉറ്റസുഹൃത്തായിരുന്നു ക്ലീറ്റസ്. പേർഷ്യക്കാരുമായി വേഷം കെട്ടികളിക്കാൻ ധാരാളം സമയം ചെലവഴിക്കുന്ന അലക്സാണ്ടറിന്റെ പ്രവൃത്തിയിൽ മനംമടുത്ത ക്ലീറ്റസ് മദ്യപിച്ച് അലക്സാണ്ടറിനെ അപമാനിക്കാൻ തുടങ്ങി. അലക്സാണ്ടർ എല്ലാ യുദ്ധങ്ങളും വിജയിച്ചത് ഭാഗ്യംകൊണ്ടാണെന്നും കഴിവുകൊണ്ടല്ലെന്നും പറഞ്ഞു. അസ്വസ്ഥനായ അലക്സാണ്ടർ സമീപത്തു കിടന്നിരുന്ന ഒരു കുന്തമെടുത്ത് ക്ലീറ്റസിനെ കൊന്നു. ഈ സംഭവം അദ്ദേഹത്തെ ജീവിതകാലം മുഴുവൻ മുറിവേല്പിച്ചു.

ഇതിനുശേഷം അദ്ദേഹം ഒരു അഭയാർഥിപ്പെൺകുട്ടിയെ കണ്ടുമുട്ടുകയും അവളെ വിവാഹം കഴിക്കുകയും ചെയ്തു. അവരുടെ കുഞ്ഞിന്റെ പേര് അലക്സാണ്ടർ നാലാമൻ എന്നായിരുന്നു.

### ഇന്ത്യയിലെത്തിയ അലക്സാണ്ടർ

ബിസി 327 ൽ, അലക്സാണ്ടർ ഇന്ത്യയിലെ പഞ്ചാബിലേക്കു മാർച്ച് ചെയ്തു. ചില ഗോത്രങ്ങൾ സമാധാനപരമായി കീഴടങ്ങി.

ഇന്ത്യയുടെ ബാക്കി ഭാഗങ്ങൾ കീഴടക്കാൻ അലക്സാണ്ടർ ആഗ്രഹിച്ചു, ഒടുവിൽ, അദ്ദേഹം മനസ്സില്ലാമനസ്സോടെ പേർഷ്യയിലേക്കു മടങ്ങി.

മഹാനായ അലക്സാണ്ടർ ബിസി 323 ജൂണിൽ 32 വയസ്സുള്ളപ്പോൾ മരിച്ചു. എന്നിരുന്നാലും, അദ്ദേഹത്തിന്റെ മരണകാരണം ഇന്നും അജ്ഞാതമായി തുടരുന്നു. ചിലർ അതു മലേറിയ മൂലമാണെന്നും മറ്റു ചിലർ അദ്ദേഹം വിഷം കഴിച്ചതാണെന്നും പറയുന്നു. അപ്പെൻഡിസൈറ്റിസ് മൂലമാണ് അദ്ദേഹം മരിച്ചതെന്നു വിശ്വസിക്കുന്നവരുമുണ്ട്. ഗില്ലെയിൻ-ബാരെസിൻഡ്രോം (ജിബിഎസ്) എന്ന ന്യൂറോളജിക്കൽ ഡിസോർഡർമൂലമാണ് അദ്ദേഹം മരിച്ചതെന്ന് ഒരു പുതിയ പഠനം പറയുന്നു. ■



# വേനൽ



**അനുപ്രിയ ജോജോ**
*എം.എ. മലയാളം*
*ദേവമാതാ കോളജ്*
*കുറവിലങ്ങാട്*

വിജനാമീവീഥിയോരത്തുനിന്നൊരു
പടുവൃദ്ധനരയാൽ വിറഞ്ഞുതുള്ളി
കടുവേനലവനുടെയുടലിന്റെയേടുകൾ-
ക്കിടയിലൂടങ്ങു ത്രസിച്ചുനിന്നൂ
നരചേർന്ന സിരയാർന്നൊരിലവന്നു വായുവിൻ
രഥമേറി വേരിനെ ചേർന്നു പുൽകി
തിരുവടിക്കിലത്താളമേളമായ് നിന്നൊരാ-
നെടുജീവിതമോർത്തുതേങ്ങി
വേരിലൂടങ്ങുകുതിച്ചിളം കൊമ്പിന്റെ
മേനിയിൽ പുതുനാമ്പായ് മാറിടാമെന്നായ്
വൃദ്ധിക്ഷയങ്ങൾതൻ വേനൽവർഷങ്ങൾ
ചക്രവേഗത്തെ സ്മരിച്ചുനിന്നു.
പൂർവതാതന്മാർതൻ പ്രീതിപൂജകളേറ്റ
കാലത്തിൻ കാലൊച്ച കേട്ടുനിന്നൂ
വേരുകൾ മറന്നരിഞ്ഞുവീഴ്ത്തും യുഗത്തിന്റെ
വേനൽമരപ്പിൻ വിരൽ നീട്ടി നില്പൂ
മലമാന്തിനീക്കിയ മണിഗോപുരങ്ങൾതൻ
മൃതിയിലേക്കൊരു ചൂരൽ നീട്ടി നില്പൂ
മണലിന്റെ ഊഷരസ്മൃതിമണ്ഡപത്തിന്മേൽ
മുണ്ടകൈ കണ്ണുനീർ തോർത്തിനിന്നൂ
വിരളമായ് കണ്ടൊരു വരണ്ട പാടങ്ങൾതൻ
മൃദുമേനിയിന്നുള്ളം വിണ്ടുനില്പൂ...
ദാഹജലത്തിന്നുറവ തേടിപ്പറന്നൊരു
പക്ഷിതൻ രുദിതം മുഴങ്ങിമാഞ്ഞു...
തണലിന്നൊരിടമിന്നീ ധരണിയിൽ കാണാതെ
ആളുകൾ മാളുകളിലേറി മായ്കേ
മാളികയിലേറാത്ത മന്നന്റെ തോളിന്മേൽ
ക്രോധതാപം വീഴ്ത്തി സൂര്യനേവം
പശ്ചിമഘട്ടത്തിന്നടിവേരറുത്തു നാം
പാശ്ചാത്യദേശങ്ങൾ പുൽകീടവേ
സൈലന്റ്‌വാലിയായ് നീങ്ങും യുഗത്തിനായ്
നിശ്ശബ്ദമൊരു വസന്തമീ പ്രകൃതിയേവൂ...